# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

## കോഴിക്കോട്   ജില്ല

(പ്രാബല്യം**: 16.07.2022** മുതൽ **20.07.2022** വരെ**)**

# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : 16.07.2022 മുതൽ 20.07.2022 വരെ)

## കോഴിക്കോട് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/കെ.കെ.ഡി. 56/2022 | തീയ്യതി: 15/07/2022 |
|---|---|

### എ. പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 113.5 | 27.3 – 29.8 | 22.4 – 24.0 | 86 - 98 | 00 - 06 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 16-07-2022 | 17-07-2022 | 18-07-2022 | 19-07-2022 | 20-07-2022 |
|---|---|---|---|---|---|
| മഴ, മി.മീ | 28 | 25 | 12 | 10 | 10 |
| കൂടിയ താപനില, °C | 30 | 30 | 30 | 30 | 30 |
| കുറഞ്ഞ താപനില, °C | 22 | 22 | 22 | 22 | 22 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 97 | 97 | 97 | 97 | 97 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 86 | 86 | 86 | 86 | 86 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 6 | 5 | 5 | 6 | 6 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 270 | 290 | 340 | 340 | 320 |
| മേഘ വിന്യാസം, ഒക്ടാ | 8 | 8 | 8 | 8 | 8 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതു നിർദ്ദേശങ്ങൾ** | **ഒറ്റപ്പെട്ടയിടങ്ങളിൽ കനത്തമഴ**** | | |
| | കനത്തമഴ (ഇരുപത്തിനാലു മണിക്കൂറിൽ 115.5 മില്ലി വരെ) ലഭിക്കും വിസ്തൃത മഴ പ്രവചനമനുസരിച്ച് അടുത്തയാഴ്ചയും മഴ ലഭിക്കാൻ സാധ്യതയുണ്ട്<br>ഉയർന്ന അന്തരീക്ഷ ആർദ്രത അനുഭവപ്പെടും. ആകാശം പൂർണമായും മേഘാവൃതമായിരിക്കും. അന്തരീക്ഷ ഊഷ്മാവ് സ്വാധാരണയിൽ കുറവായിരിക്കും | | |

<table>
<tr><td><u>പൊതു നിർദ്ദേശങ്ങൾ</u></td><td colspan="3">കഴിഞ്ഞ അഞ്ചു ദിവസങ്ങളിൽ ജില്ലയിൽ അതി ശക്തമായ മഴ അനുഭവപ്പെട്ടു.<br><br>കൃഷിയിടങ്ങളിൽ നീർവാർച്ച ഉറപ്പാക്കുക. വളം ചേർക്കുന്നത് കുറച്ചു ദിവസത്തേക്ക് മാറ്റിവെക്കുക. ജലനിർഗമനചാലുകൾ തുറന്നിടുക.<br><br>മണ്ണിടിച്ചലിന് സാധ്യതയുള്ള കുന്നിൻ പ്രദേശങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പുലർത്തുക. ദുരന്ത നിവാരണ സംഘങ്ങളുടെ നിർദേശങ്ങൾക്ക് സമയാസമയം കാതോർക്കുകയും കൃത്യമായ് പാലിക്കുകയും ചെയ്യുക .<br><br>കഴിഞ്ഞ ദിവസങ്ങളിൽ അനുഭവപ്പെട്ട ഉയർന്ന താപനിലയും ഉയർന്ന അന്തരീക്ഷ ആർദ്രതയും ചീച്ചൽ, വാട്ടം എന്നീ രോഗങ്ങൾ പടരുന്നതിനുള്ള സാഹചര്യമാണ്. വ്യത്യസ്ത വിളകൾക്ക് താഴെ പറഞ്ഞത് പ്രകാരമുള്ള നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുക.<br><br>വീണുകിടക്കുന്ന തേങ്ങാ, അടക്ക എന്നിവ പൂർണമായും നീക്കം ചെയ്യുക. രോഗം വന്നു നശിച്ച മരങ്ങൾ പൂർണമായും മുറിച്ചുമാറ്റി തീയിട്ടു നശിപ്പിക്കണം. തോട്ടങ്ങളിൽ നല്ല നീർ വാർച്ച ഉറപ്പുവരുത്തുക.<br><br>മൃദു കാണ്ഡ വിളകളായ വാഴ, പച്ചക്കറികൾ, താങ്ങുകൾ ആവശ്യമുള്ള കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയ്ക്ക് ശക്തമായ താങ്ങുകൾ നൽകുക.<br><br>വളം, വിത്ത്, കാലിത്തീറ്റകൾ എന്നിവ ഈർപ്പം തട്ടാത്തതും കീടങ്ങൾ ഇല്ലാത്തതുമായ മുറികളിൽ ഉയർത്തികെട്ടി പലക പാകിയ പ്രതലങ്ങളിൽ മേൽ സൂക്ഷിക്കുക.</td></tr>
<tr><td>നെല്ല്</td><td>ചിനപ്പ് പൊട്ടിക്കഴിഞ്ഞ ഘട്ടം</td><td colspan="2">പാടത്തെ വെള്ളം താഴ്ത്തി രണ്ടാം ഗഡു കുമ്മായം സെന്റിന് ഒരു കി നിരക്കിൽ വിതറുക . പുളിരസം കൂടുതലുള്ള മണ്ണിൽ ഇരട്ടി അളവിൽ കുമ്മായമ വിതറുക. കുമ്മായം ചേർത്ത് രണ്ടാഴ്ച്ചക്കു ശേഷം രാസവളം ചേർക്കാം</td></tr>
<tr><td>നെല്ല്</td><td>വിവിധ ഘട്ടം</td><td>കരിച്ചൽ/ചീച്ചൽ രോഗം</td><td>മുൻകരുതലായി ബ്ലീച്ചിങ് പൗഡർ (ഏക്കറിന് 2 കിലോ) സുഷിരങ്ങളുള്ള കിഴികളിലാക്കി വെള്ളം കണ്ടത്തിലേക്ക് പ്രവേശിക്കുന്ന ഇടങ്ങളിൽ നിക്ഷേപിക്കുക</td></tr>
<tr><td>നെല്ല്</td><td>പറിച്ചു നട്ടയിടങ്ങൾ</td><td>ഓല ചുരുട്ടി പുഴു<br></td><td>ഓല ചുരുട്ടി പുഴു ആക്രമണം ഉണ്ടെങ്കിൽ മുള്ളുള്ള കമ്പു വലിച്ചു ഓലചുരുളുകൾ തുറക്കുക.<br><br>ആക്രമണം രൂക്ഷമാണെങ്കിൽ മാത്രം ഫ്ലൂബാൻ ഡൈ അമൈഡ് 1 മില്ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിച്ച് കൊടുക്കുക.</td></tr>
<tr><td>കുരുമുളക്</td><td>വിവിധ ഘട്ടം</td><td>പൊള്ളു വണ്ട്<br></td><td rowspan="2">ഒരുലിറ്റർ ബോർഡോ മിശ്രിതത്തിൽ ക്വിനാൽഫോസ് 25 EC രണ്ടു മില്ലി എന്ന തോതിൽ കലർത്തി തളിക്കുക</td></tr>
<tr><td>കുരുമുളക്</td><td>വിവിധ ഘട്ടം</td><td>ബാക്ടീരിയ മൂലം ഇല കാരിച്ചൽ<br></td></tr>
<tr><td>തെങ്ങ്</td><td>വിവിധ ഘട്ടം</td><td colspan="2">വളം ചേർത്തിട്ടില്ലെങ്കിൽ തെങ്ങൊന്നിന് ഒരു കിലോ വീതം കുമ്മായം ചേർത്തു തടം ഇളക്കുക., കുമ്മായം ചേർത്ത് രണ്ടാഴ്ച്ചക്കു ശേഷം രാസവളം ചേർക്കാം</td></tr>
</table>

| | | | |
|---|---|---|---|
| തെങ്ങ് | കായ്ക്കുന്ന ഘട്ടം | ഇല, കായ കരിച്ചൽ  | ഇലക്കവിളുകളിലും കുലകളിലും ഹെക്സകോണസോൾ 2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്നാ തോതിൽ കലർത്തി തളിക്കുക.<br>സംതുലിത വളപ്രയോഗം അവലംബിക്കുക.. |
| വാഴ | വിവിധ ഘട്ടം<br>(നേന്ത്രൻ വാഴ) | കട ചീയൽ  | മുൻകരുതലായി സ്ട്രെപ്റ്റോസൈക്ലിൻ ലായനി (@2ഗ്രാം പത്തു ലിറ്റർ വെള്ളത്തിൽ) അല്ലെങ്കിൽ കോപ്പർ ഹൈഡ്രോക്സൈഡ് (@20ഗ്രാം പത്തു ലിറ്റർ വെള്ളത്തിൽ ) വാഴത്തടത്തിൽ കുതിർക്കുക |
| പശു/ആട് | വിവിധ ഘട്ടം | കുളമ്പിൽ പഴുപ്പ് | തൊഴുത്തിലും പുറത്തും വെള്ളം കെട്ടിനിൽകാതെ സൂക്ഷിക്കുക. അതോടൊപ്പം മൃഗങ്ങൾക്കു പൂർണ ശുചിത്വം ഉറപ്പുവരുത്തുക. 0.2 % പൊട്ടാസിയം പെർമാംഗനേറ്റ് (2 ഗ്രാം പൊട്ടാസിയം പെർമാംഗനേറ്റ് 1 ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച) ലായനി ഉപയോഗിച്ച് കുളമ്പുകൾ വൃത്തിയായി കഴുകി കോട്ടൺ തുണി ഉപയോഗിച്ച് തുടക്കുക. |
| പശു | കറവപ്പശു | അകിടു വീക്കം  | രോഗം വരുന്നത് തടയാനായി പശുക്കളുടെയും പരിസരങ്ങളുടെയും ശുചിത്വം എപ്പോഴും ഉറപ്പുവരുത്തുക, കറവയന്ത്രം ഓരോ തവണയും ഉപയോഗം കഴിഞ്ഞയുടനെ കഴുകി സൂക്ഷിക്കുക. പ്രാണിശല്യം നിയന്ത്രിക്കുക, പശുക്കൾക്ക് രോഗപ്രതിരോധ ശേഷി നൽകുന്ന ടോണിക്കുകൾ നൽകുക. രോഗ ലക്ഷണങ്ങൾ കാണുകയാണെങ്കിൽ അടുത്തുള്ള മൃഗാശുപത്രിയുമായി എത്രയും പെട്ടെന്ന് ബന്ധപ്പെടുക. പ്രാരംഭഘട്ടത്തിൽ തന്നെ ചികിത്സ നൽകിയാൽ രോഗം ഫലപ്രദമായി നിയന്ത്രിക്കാം.. |

**മഴ അപായ വർണ്ണ സൂചന (ദുരന്ത നിവാരണത്തിനായ്)

| | | | |
|---|---|---|---|
| **താക്കീത്<br>(ഉടൻ നടപടിയെടുക്കുക)** | **ജാഗ്രത<br>(തയ്യാറാവുക)** | **ശ്രദ്ധ<br>(കാതോർക്കുക)** | **നിസ്സാരം<br>(നടപടികൾ ആവശ്യമില്ല)** |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി